**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1933** **29-07-2021 - ൽ മറുപടിയ്ക്ക്**

**തോട്ടം മേഖല നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര തോട്ടങ്ങളാണ് അടഞ്ഞുകിടക്കുന്ന അവസ്ഥയിലോ ഉപേക്ഷിക്കപ്പെട്ട നിലയിലോ ഉള്ളതെന്ന വിവരം ലഭ്യമാണോ; അത്രയും തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ജോലിയും കൂലിയും ഉറപ്പവരുത്തക്കരീതിയിൽ എന്തെങ്കിലും കർമ്മപദ്ധതി വ്യവസായ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് നിലവിൽ 14 തോട്ടങ്ങളാണ് പൂട്ടിക്കിടക്കുന്നത്. നിലവിൽ വ്യവസായ വകുപ്പിൽ കർമ്മപദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത തൊഴിലാളികൾക്ക് വേണ്ടി ഒരു പ്രത്യേക ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | തൽക്കാലം പരിഗണനയിലില്ല. |
| (സി) | കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച പ്ലാന്റേഷൻ നയം നടപ്പിലാക്കുവാൻ എന്ത് കർമ്മ പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | 22/01/2021-ലെ സ.ഉ.(കൈ) നം.6/2021 തൊഴിൽ നമ്പർ പ്രകാരം പ്ലാന്റേഷൻ നയം അംഗീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | തോട്ടമുടമകൾ ഉപേക്ഷിച്ചിട്ട് പോയ തോട്ടങ്ങൾ പ്ലാന്റേഷൻ കോർപ്പറേഷനോ മറ്റു ഗവണ്മെന്റ് സംവിധാനങ്ങളോ ഏറ്റെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | നിലവിൽ ഇപ്രകാരം ഒരു തീരുമാനം ഇല്ലാത്തതാകുന്നു. |

സെക്ഷൻ ഓഫീസർ